(ബി) എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്;

(സി) എത്ര കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്?

ഉത്തരം

(എ) 16 കേസുകൾ.

(ബി) മൂന്നു കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(സി) കേസുകൾ വിചാരണയിലാണ്.

പ്രിയദർശിനി പ്ലാനറ്റോറിയം സംഭവം

48 [49] ശ്രീ. പിരപ്പൻകോട് മുരളി:

,, ടി. കെ. ദേവകുമാർ:

,, എ. കെ. ബാലൻ:

,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ജൂൺ 2-ാം തീയതി തിരുവനന്തപുരം പ്രിയദർശിനി പ്ലാനിറ്റോറിയം കോൺഫറൻസ് ഹാളിൽനടന്ന കെ.പി.സി.സി. എക്സിക്യൂട്ടീവ് യോഗത്തോട് അനുബന്ധിച്ച് ഉണ്ടായ സംഘട്ടനത്തെക്കുറിച്ച് സർക്കാർ അന്വേഷണം എന്തെങ്കിലും നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു; അവ ഏതെല്ലാം;

(ബി) ഏതു രീതിയിലുള്ള അന്വേഷണത്തിനാണ് ഉത്തരവിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എങ്കിൽ ഏതെല്ലാം വകുപ്പുകളനുസരിച്ച് എത്രപേരുടെ പേരിൽ കേസെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) എഫ്.ഐ. ആർ.-ൽ പ്രതി ചേർത്തിട്ടുള്ളവർ ആരെല്ലാമാണ്;

(ഇ) ആരൊക്കെയാണ് ഈ കേസിലെ പ്രതികളെന്നും പ്രതികളിൽ എത്രപേരെയാണ് ഇതിനകം അറസ്റ്റ്ചെയ്തിട്ടുള്ളതെന്നും അവർ ആരെല്ലാമെന്നും വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പോലീസ് അന്വേഷണം നടത്തിവരുന്നു.തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന ശ്രീ. ശരത്ചന്ദ്രപ്രസാദിൽനിന്നും മ്യൂസിയം പോലീസ് സ്റ്റേഷൻ അഡീഷണൽ എസ്.ഐ. വിവരത്തിന് മൊഴി വാങ്ങി മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 195/04-ാം നമ്പറായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും കൃത്യത്തിൽവച്ച് ദേഹോപദ്രവമേറ്റ ശ്രീ. രാജ്മോഹൻ ഉണ്ണിത്താനെ കണ്ട് മൊഴി രേഖപ്പെടുത്തിയിട്ടുമുള്ളതാണ്. മറ്റു പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) ക്രിമിനൽ നടപടിക്രമം പ്രകാരമുള്ള അന്വേഷണത്തിന്.

(സി) ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; മ്യൂസിയം പി.എസ്. ക്രൈം 195/04-ാം നമ്പറിൽ സെക്ഷൻ 143, 147, 148, 149, 342, 427, 307 ആന്റ് 120 (ബി) ഐ.പി.സി. പ്രകാരം ശ്രീ. ശരത്ചന്ദ്രപ്രസാദിന്റെ മൊഴിയിൽ പേരുമാത്രം പറഞ്ഞിട്ടുള്ള 13 പേരുടേയും കണ്ടാലറിയാവുന്ന 150-ഓളം പേരെയും പ്രതികളാക്കി കേസെടുത്തിട്ടുണ്ട്.

(ഡി) 1. മുൻ കെ.പി.സി.സി. പ്രസിഡന്റ് കെ. മുരളീധരൻ.
2. എറണാകുളത്തുള്ള എൻ. വേണുഗോപാൽ.
3. കണ്ണൂർക്കാരനായ കെ. പി. കുഞ്ഞിക്കണ്ണൻ.
4. കൊട്ടാരക്കരക്കാരനായ രതികുമാർ.
5. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ ജോലിയുള്ള മംഗലാപുരത്തിന് സമീപം താമസിക്കുന്ന ജലീൽ.
6. പോത്തൻകോട്ടുള്ള വിനോദ്കൃഷ്ണൻ.
7. തുമ്പയിൽ താമസം എച്ച്. പി. ഷാജി.
8. വണ്ടന്നൂർ സന്തോഷ്.
9. ഉള്ളൂരിൽ താമസം ശിവപ്രകാശ്.
10. കോവളത്ത് താമസം പ്രദീപ്കുമാർ.
11. എറണാകുളത്തെ തമ്മനം ഷാജി.
12. കാസർഗോഡ് പള്ളിയിൽ ഹൗസിൽ വിനോദ് കുമാർ.
13. പെരുമാതുറക്കാരൻ ഹുസൈൻ, കൂടാതെ കണ്ടാലറിയാവുന്ന 150-ഓളം പേരുമാണ് എഫ്.ഐ.ആർ.-ലെ പ്രതികൾ.

(ഇ) മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം 195/04-ാം നമ്പർ കേസിലെ എഫ്.ഐ. ആർ.-ൽ പറയുന്ന 5, 6, 7, 8, 9, 13 എന്നീ പ്രതികളും 14 മുതൽ 26 വരെയുള്ള പ്രതികളും ഈ കേസ്സിൽ ഉൾപ്പെട്ടിട്ടുണ്ട്.

14 മുതൽ 17 വരെയുള്ള പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്. (14 മുതൽ 27 വരെ പ്രതികളുടെ പൂർണ്ണമായ മേൽവിലാസം അനുബന്ധമായി ചേർത്തിട്ടുണ്ട്).†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം 9

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം 48 (49) ദയവായി കാണുക]

1. അണ്ടൂർക്കോണം പഞ്ചായത്തിൽ, അണ്ടൂർക്കോണം വില്ലേജിൽ, ഇടത്തറ വാർഡിൽ, അയണിമൂട് സരള ഭവനിൽ ബാബു മകൻ നിഖിൽ എന്നു വിളിക്കുന്ന നിഖിൽ ബാബു.

2. കഴക്കൂട്ടം വില്ലേജിൽ, കരിയിൽ വാർഡിൽ, വെട്ടുറോഡ് റെയിൽവേ ഗേറ്റിനു സമീപം മണക്കാട്ടിൽ വീട്ടിൽ സത്യൻ മകൻ രാജീവ്.

3. കഴക്കൂട്ടം വില്ലേജിൽ, കരിയിൽ വാർഡിൽ, വെട്ടുറോഡ് മെയിൻ ഗേറ്റിനു സമീപം പണയിൽ വീട്ടിൽ അശോകൻ മകൻ റാണാ എന്നു വിളിക്കുന്ന പ്രവീൺ.

4. തിരുവനന്തപുരം ജില്ലയിൽ, പള്ളിപ്പുറം വില്ലേജിൽ, തെക്കേവിള വാർഡിൽ, കണിയാപുരം വെട്ടുറോഡ് റെയിൽവേ ഗേറ്റിനു സമീപം എസ്. വി. ഭവനിൽ സുദർശനൻ മകൻ അജി.

5. ചിറയിൻകീഴ് താലൂക്കിൽ, ശാർക്കര വില്ലേജിൽ, ടി പഞ്ചായത്തിൽ വലിയകട ജംഗ്ഷനുസമീപം കടയിൽ വീട്ടിൽ ഹരിദാസൻ മകൻ സെത്ത് സജി എന്നു വിളിക്കുന്ന സജികുമാർ.

6. വഞ്ചിയൂർ വില്ലേജിൽ, ടി വാർഡിൽ കുന്നുപുറം ആയുർവേദ കോളേജിനുസമീപം റ്റി.സി. 28/03 പണ്ടാരവിളാകത്ത് വീട്ടിൽ കുമരേശൻ മകൻ കൊച്ചുകുട്ടൻ എന്നു വിളിക്കുന്ന സുരേഷ്.

7. വഞ്ചിയൂർ വില്ലേജിൽ, ശ്രീകണ്ഠേശ്വരം വാർഡിൽ ശ്രീകണ്ഠേശ്വരം കിഴക്കേനട റ്റി.സി. 28/1317-ൽ മധുസൂദനൻ നായർ മകൻ പ്രസാദ് എന്നു വിളിക്കുന്ന ശിവപ്രസാദ്.

8. മണക്കാട് വില്ലേജിൽ ഫോർട്ട് വാർഡിൽ വാഴപ്പള്ളി തമ്മം തെരുവിൽ റസിഡൻസ് നമ്പർ 17-ൽ വാടകയ്ക്ക് താമസം ശങ്കരൻ മകൻ മണി എന്നു വിളിക്കുന്ന രമേഷ്.

9. അണ്ടൂർക്കോണം വില്ലേജിൽ, കീഴാവൂർ ദേശത്ത് തിരുവഞ്ചൂർ എൽ.പി. എസിനുസമീപം പുതുവൽ പുത്തൻവീട്ടിൽ രവീന്ദ്രൻ മകൻ അനിൽ എന്നു വിളിക്കുന്ന ദിലീപ്.

10. പള്ളിപ്പുറം വില്ലേജിൽ, പാച്ചിറ ദേശത്ത് പാണ്ടിവിള യത്തീംഖാനയ്ക്ക് സമീപം പാണ്ടിവിള വീട്ടിൽ രാഘവൻ മകൻ ബിനു.

11. കീഴ്തോന്നയ്ക്കൽ വില്ലേജിൽ, വാവറയമ്പലം ദേശത്ത് കാവുവിള പിരിയാട്ട്കോണം വിജിത്ത് ഭവനിൽ സുരേന്ദ്രൻ മകൻ കുഞ്ഞുമോൻ എന്നു വിളിക്കുന്ന ബിജു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം 9—(തുടർച്ച)

12. കഴക്കൂട്ടം വില്ലേജിൽ, കരിയിൽ ദേശത്ത് വെട്ടുറോഡ് റെയിൽവേ ഗേറ്റിനു സമീപം സതിഭവനിൽ പ്രസാദ് മകൻ ലല്ലു എന്നു വിളിക്കുന്ന ലല്ലുപ്രസാദ്.

13. കഴക്കൂട്ടം മേനംകുളം വില്ലേജിൽ, കരിയിൽ വാർഡിൽ വെട്ടുറോഡ് റെയിൽവേ ഗേറ്റിനു സമീപം പുന്നമൂട് ഹാരിസിൽ സുകുമാരൻ മകൻ സുപ്രി എന്നു വിളിക്കുന്ന ഷിബു.

14. തിരുവനന്തപുരം താലൂക്കിൽ കീഴ്തോന്നയ്ക്കൽ വില്ലേജിൽ വാവറയമ്പലം ചന്തയ്ക്ക് സമീപം ഊളൻ കുന്നിൽ വീട്ടിൽ ചെല്ലപ്പൻ മകൻ പ്രേമചന്ദ്രൻ.

അനുബന്ധം 10

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം 53 (54) ദയവായി കാണുക]

1. മുൻ കെ.പി.സി.സി. പ്രസിഡന്റ് കെ. മുരളീധരൻ
2. എറണാകുളത്തുള്ള എൻ. വേണുഗോപാൽ
3. കണ്ണൂർക്കാരനായ കെ. പി. കുഞ്ഞിക്കണ്ണൻ
4. കൊട്ടാരക്കരക്കാരനായ രതികുമാർ
5. വെയിലൂർ വില്ലേജിൽ മംഗലാപുരം കുറക്കോട് പഴയ എൻ.എച്ച്. റോഡിൽ ബിസ്മി വീട്ടിൽ മുഹമ്മദ് സാലി മകൻ ജലീൽ.
6. പോത്തൻകോട് പഞ്ചായത്തിൽ ടി വില്ലേജിൽ ആനക്കോട് വാവറയമ്പലം 12/557 അമ്പാടിയിൽ ദിവാകരൻ മകൻ വിനോദ് കൃഷ്ണൻ.
7. തുമ്പയിൽ താമസം എച്ച്. പി. ഷാജി.
8. വണ്ടന്നൂർ സന്തോഷ്
9. ചെറുവയ്ക്കൽ വില്ലേജിൽ ഉള്ളൂർ വാർഡിൽ ഉള്ളൂർ ജംഗ്ഷന് സമീപം വീട്ട് നമ്പർ 7.31.1-ൽ കോണത്തുവീട്ടിൽ വിദ്യാധരൻ മകൻ പ്രകാശ് എന്നു വിളിക്കുന്ന ശിവപ്രകാശ്.
10. കോവളത്തു താമസം പ്രദീപ് കുമാർ
11. എറണാകുളത്തെ അറിയപ്പെടുന്ന ക്രിമിനൽ തമ്മനം ഷാജി
12. കാസർകോട് പള്ളിയിൽ ഹൗസിൽ വിനോദ് കുമാർ
13. പെരുമാതുറക്കാരൻ ഹുസൈൻ

LIBRARY ARCHIVES Kerala Legislative Assembly